# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. LIV - JK 108 | 2026 September 15 | No. 12


# PASTORAL LETTER
# ജപമാലഭക്തി

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

നമുക്ക് ഏറ്റവും പ്രിയപ്പെട്ട ഒക്ടോബർ മാസം ആഗതമാകുകയാണ്. ജപമാലയിലെ മുത്തുമണികൾപോലെ, സ്നേഹത്തിന്റെ നൂലിൽ കോർക്കപ്പെട്ട മുത്തുകളായി നാം കുടുംബങ്ങളിലും ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സാഘോഷമായി ജപമാല ചൊല്ലി പ്രാർഥിക്കുന്ന പുണ്യമാസം.

പരിശുദ്ധമറിയത്തോടുള്ള നമ്മുടെ സ്നേഹവും ഭക്തിയും ആദരവും പ്രകടിപ്പിക്കാനും മാധ്യസ്ഥ്യവും സംരക്ഷണവും യാചിക്കാനും ഏറ്റവും ശ്രേഷ്ഠവും ഫലദായകവും പരിശുദ്ധ അമ്മയ്ക്ക് ഏറ്റവും പ്രീതികരവുമായ പ്രാർഥനയാണ് ജപമാല. നാം അനുദിനം ജപമാല ചൊല്ലി പ്രാർഥിക്കുന്നവരാണെങ്കിലും ജപമാലഭക്തിയിൽ കുറെക്കൂടി ആഴപ്പെടാനും ജപമാലപ്രാർഥന ചൊല്ലിക്കൊണ്ട് സ്വർഗീയമായ അനു

ഗ്രഹങ്ങൾ പ്രാപിക്കുവാനുമുള്ള അവസരമാണ് ഒക്ടോബർ മാസ ത്തിൽ നമുക്ക് ലഭിക്കുന്നത്. കുഞ്ഞുനാൾ മുതൽ നാം ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു പ്രാർഥനാനുഭവമാണിത്. നമ്മുടെ അപ്പൂപ്പന്മാരോടും അമ്മൂമ്മമാരോടും മാതാപിതാക്കളോടുമൊപ്പം നന്നേ വെളുപ്പിനും സായം കാലങ്ങളിലും പ്രത്യേക കൊന്തനമസ്കാരത്തിൽ പങ്കെടുക്കാൻ ദൈവാലയങ്ങളിലേക്ക് പോയ ഓർമ്മകൾ നമുക്ക് വീണ്ടെടുക്കാം. വിശു ദ്ധമായ ഈ പാരമ്പര്യത്തിന്റെ സമ്പന്നമായ പൈതൃകത്തിന്റെ തനിമ ഒട്ടും ചോർന്നുപോകാതെ പുതു തലമുറയ്ക്ക് പകർന്നുകൊടുക്കാൻ നമുക്ക് പരിശ്രമിക്കാം. ക്രൈസ്തവ വിശ്വാസത്തിന്റെ മഹത്തായ സാക്ഷ്യമാണിത് എന്ന കാര്യം നാം ഒരിക്കലും വിസ്മരിക്കരുത് എന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

ലോകസമാധാനത്തിനുവേണ്ടി പ്രാർഥിച്ചുകൊണ്ട് അനുദിനം ജപമാല ചൊല്ലി പ്രാർഥിക്കണമെന്ന് പരിശുദ്ധ പിതാവ് ലെയോ പതി നാലാമൻ പാപ്പാ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. സമാധാന ത്തിന്റെ രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ശക്തമായ മാധ്യ സ്ഥ്യത്താൽ ഇന്ന് പശ്ചിമേഷ്യയിലും മറ്റും നിലനിൽക്കുന്ന സംഘർഷ ങ്ങളും യുദ്ധഭീതിയും ഒഴിഞ്ഞ് ലോകത്ത് സമാധാനം പുനഃസ്ഥാപി ക്കപ്പെടുന്നതിനും മനുഷ്യരാശിയുടെ മഹത്വത്തിന് പ്രാധാന്യം നൽകുന്ന സമീപനങ്ങൾ രാഷ്ട്രനേതാക്കളിൽ നിന്നും ഭരണകൂടങ്ങ ളിൽ നിന്നും ഉണ്ടാകുന്നതിനും വേണ്ടി ഈ ഒക്ടോബർ മാസത്തിൽ നമുക്ക് ജപമാല ചൊല്ലി പ്രാർഥിക്കാം. 12, 13 നൂറ്റാണ്ടുകളിൽ കത്തോ ലിക്കാ സഭയുടെ പ്രധാനപഠനങ്ങളെയും വിശ്വാസസംഹിതകളെയും നിഷേധിച്ച ആൽബിജെൻസിയൻ പാഷണ്ഡതയെ തോൽപ്പിക്കുന്ന തിന് ജപമാല ചൊല്ലി പ്രാർഥിക്കുവാൻ വിശുദ്ധ ഡൊമിനിക്കിന് പ്രത്യ ക്ഷപ്പെട്ട് നിർദ്ദേശം നൽകിയതും എങ്ങിനെ ജപമാല ചൊല്ലി പ്രാർഥി ക്കണമെന്ന് പഠിപ്പിച്ചതും പരിശുദ്ധ അമ്മ തന്നെയാണ്. വിശുദ്ധ ഡൊമിനിക്കും അദ്ദേഹം സ്ഥാപിച്ച പ്രഭാഷകസഭയിലെ അംഗങ്ങളും ജപമാലഭക്തിയുടെ പ്രചാരകരായി. തുടർന്നുള്ള നൂറ്റാണ്ടുകളിൽ പല വിധ അബദ്ധസിദ്ധാന്തങ്ങളാലും അനേകം യുദ്ധങ്ങളാലും ധാർമ്മിക അധഃപതനങ്ങളാലും സഭ ഞെരുക്കപ്പെട്ടപ്പോഴെല്ലാം പാപ്പാമാരും വിശു ദ്ധരും ആശ്രയം തേടിയത് പരിശുദ്ധ ജപമാല പ്രാർഥനയിലാണ്.

1571-ൽ കൊറിന്ത് ഉൾക്കടലിൽ നടന്ന നാവികയുദ്ധത്തിൽ യൂറോപ്പുമുഴുവൻ അന്ധവിശ്വാസത്തിന്റെയും കിരാതത്വത്തിന്റെയും ഇടമാക്കാൻ വേണ്ടി വിപുലമായ സൈനിക ശക്തിയോടെ വന്ന ഓട്ടോമൻ സാമ്രാജ്യശക്തിയെ താരതമ്യേന അശക്തരായിരുന്ന ക്രിസ്ത്യൻ സൈന്യത്തിന് തോൽപ്പിക്കാൻ സാധിച്ചത് വിശുദ്ധ പീയൂസ് അഞ്ചാമൻ പാപ്പായുടെ നേതൃത്വത്തിൽ സഭ ഒരു കുടുംബമായി തുടർച്ചയായി ജപമാല ചൊല്ലി പരിശുദ്ധ മറിയത്തിന്റെ പ്രത്യേക സംരക്ഷണം തേടിയതുകൊണ്ട് മാത്രമായിരുന്നു. ആ വിജത്തിന്റെ ഓർമ്മയ്ക്കായി 'വിജയമാതാവിന്റെ' ബഹുമാനാർഥം ഒരു തിരുനാൾ ആഘോഷിക്കണമെന്ന് 5-ാം പീയൂസ് പാപ്പാ ആഗ്രഹിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന ഗ്രിഗരി 13-ാമൻ പാപ്പാ ആ തിരുനാൾ 'പരിശുദ്ധ ജപമാല'യുടെ തിരുനാളായി സഭയിൽ സ്ഥാപിക്കുകയും, ഒക്ടോബർ 7-ാം തീയതി തിരുനാൾ ദിനമായി നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് 'ജപമാലയുടെ പാപ്പാ' എന്നറിയപ്പെടുന്ന ലിയോ 13-ാമൻ പാപ്പാ ഒക്ടോബർ മാസം മുഴുവൻ പരിശുദ്ധ ജപമാല രാജ്ഞിയ്ക്ക് പ്രതിഷ്ഠിച്ചു. അങ്ങിനെയാണ് ഒക്ടോബർ മാസം മുഴുവൻ സാഘോഷം ജപമാല ചൊല്ലി പ്രാർഥിക്കുന്ന രീതിക്ക് ആരംഭം കുറിച്ചത്. സ്നേഹമുള്ളവരേ, വിശുദ്ധമായ ഈ പാരമ്പര്യം നമുക്ക് ഭക്തിപൂർവ്വം തുടരാം.

നാം കുടുംബങ്ങളിൽ ഒരുമിച്ചിരുന്ന് ജപമാല ചൊല്ലി പ്രാർഥിക്കുമ്പോഴുണ്ടാകുന്ന ഫലത്തെക്കുറിച്ച് മരിയ ഭക്തനായ 12-ാം പീയൂസ് പാപ്പാ പറയുന്നത് ഇപ്രകാരമാണ്. 'മാതാപിതാക്കളും മക്കളും ഹൃദയ ഐക്യത്തോടെ കന്യകമാതാവിന്റെ രൂപത്തിനുമുമ്പിൽ ഒരുമിച്ചുകൂടി ജപമാല ചൊല്ലുന്നു. അത് അവിടെ സന്നിഹിതരല്ലാത്തവരും മരണമടഞ്ഞവരുമായ അംഗങ്ങളോടും അവരെ ഐക്യപ്പെടുത്തുന്നു. പരിശുദ്ധ കന്യക, സ്നേഹപൂർണ്ണയായ ഒരമ്മയെപ്പോലെ തന്റെ മക്കളുടെ മധ്യത്തിൽ സന്നിഹിതരായിരിക്കും. അപ്പോൾ ക്രൈസ്തവ കുടുംബം നസ്രത്തിലെ തിരുക്കുടുംബം പോലെ വിശുദ്ധിയുടെ കേന്ദ്രമായിത്തീരും, അത് ഒരു വിശുദ്ധ ദൈവാലയമായി മാറും.' അങ്ങനെ ഒരു കുടുംബമായി ഒരുമിച്ചിരുന്ന് ജപമാല ചൊല്ലുന്ന നമ്മുടെ കുടും

ബങ്ങൾ വിശുദ്ധ ദൈവാലയങ്ങളായി രൂപാന്തരപ്പെടട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

'ജപമാലയുടെ അപ്പോസ്തലൻ' എന്നറിയപ്പെടുന്ന വാഴ്ത്തപ്പെട്ട ബർത്തലേ ലോംഗോയുടെ ഹൃദയസ്പർശിയായ പ്രാർഥനയോടെ ഞാൻ ഉപസംഹരിക്കുകയാണ് - മറിയത്തിന്റെ വാഴ്ത്തപ്പെട്ട ജപമാലയെ, ഞങ്ങളെ ദൈവത്തോട് ഐക്യപ്പെടുത്തുന്ന ചങ്ങലയെ, മാലാഖമാരോട് ഞങ്ങളെ ഒന്നിപ്പിക്കുന്ന സ്നേഹബന്ധനമെ, ജപമാല രാജ്ഞീ, ഏറ്റവും പ്രിയപ്പെട്ട അമ്മേ, പാപികളുടെ സങ്കേതമേ, പീഡിതരുടെ ആശ്വാസമെ, ഞങ്ങളുടെ അവസാനവാക്ക് മധുരിക്കുന്ന നിന്റെ നാമം ആയിരിക്കും. നീ എല്ലായിടത്തും, ഭൂമിയിലും സ്വർഗത്തിലും വാഴ്ത്തപ്പെട്ടവളാകട്ടെ, ഇന്നും എപ്പോഴും ആമ്മേൻ!

എനിക്ക് നിങ്ങളോടുള്ള പൈതൃക സ്നേഹത്തിന്റെ അടയാളമായി പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2026 സെപ്തംബർ 15-ാം തീയതി,

**✠ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

N.B.: **ഈ ഇടയലേഖനം 2026 സെപ്തംബർ 27-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.**

## CIRCULAR - 22

# THE AUGUSTINIAN SISTERS SERVANTS OF JESUS AND MARY യുടെ സ്ഥാപനത്തിന്റെ 200 – ാം വാർഷികത്തോടനുബന്ധിച്ചുള്ള പൂർണ്ണ ദണ്ഡവിമോചനം

*സ്നേഹമുള്ളവരേ,*

The Augustinian Sisters Servants of Jesus and Mary യുടെ സ്ഥാപനത്തിന്റെ 200-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ 2026 സെപ്തംബർ 23 മുതൽ 2028 ജനുവരി 22 വരെ പ്രസ്തുത സിസ്റ്റേഴ്സിന്റെ ഭവനങ്ങളിലെ ചാപ്പൽ ഒരു തീർത്ഥാടനരൂപത്തിൽ സന്ദർശിക്കുകയും അവിടെ ജൂബിലി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുകയൊ, 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ', 'വിശ്വാസപ്രമാണം' എന്നീ പ്രാർഥനകൾ ചൊല്ലി മറ്റു വ്യവസ്ഥകൾ നിറവേറ്റിക്കൊണ്ടും ഈ സന്ന്യാസസഭയുടെ ആദ്ധ്യാത്മികതയ്ക്ക് പ്രചോദനമായ വിശുദ്ധ അഗസ്റ്റിനോടും വന്ദ്യയായ സഭാസ്ഥാപക ധന്യ മദർ മരിയ തെരേസ സ്പിനെല്ലിയോടുമുള്ള അപേക്ഷകൾ സമർപ്പിച്ചുകൊണ്ട് പ്രാർഥിക്കുകയോ ചെയ്താൽ പൂർണ്ണദണ്ഡവിമോചനം അനുവദിച്ചിട്ടുണ്ട്. ഇത് ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയും സമർപ്പിക്കാവുന്നതാണ്. ആയതിനാൽ നിർദ്ദിഷ്ട ജൂബിലി കാലയളവിൽ നമ്മുടെ അതിരൂപതയിലെ തേവര, പൊറ്റക്കുഴി, മരിയാപുരം (ചൂർണ്ണിക്കര) എന്നീ ഇടവകകളിലുള്ള അഗസ്റ്റീനിയൻ സിസ്റ്റേഴ്സിന്റെ ചാപ്പലുകൾ സന്ദർശിച്ച് വ്യവസ്ഥകൾ നിറവേറ്റി പ്രാർഥിച്ചാൽ പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്ന് 2026 സെപ്തംബർ 15-ാം തീയതി.

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## CIRCULAR - 23

# 112 – ാമത് ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിനത്തിനായുള്ള പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പായുടെ സന്ദേശം

## 2026 സെപ്റ്റംബർ 27

**"ഈ കുഞ്ഞുങ്ങളിൽ ഒരുവൻ പോലും"**

***(വി. മത്തായി 18: 10)***

പ്രിയ സഹോദരീ സഹോദരന്മാരേ,

കുടിയേറ്റം എന്ന സങ്കീർണ്ണമായ പ്രതിഭാസത്തിന്റെ വ്യത്യസ്ത വശങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാൻ എല്ലാ വർഷവും ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിനം നമ്മെ ക്ഷണിക്കുന്നു. ഈ 112-ാമത് ലോകദിനത്തിനായുള്ള പ്രമേയം, ഈ കുഞ്ഞുങ്ങളിൽ ഒരുവൻ പോലും എന്നത് കുടിയേറ്റത്തിന്റെയും പലായനത്തിന്റെയും അനുഭവത്തിൽ നേരിട്ട് ഉൾപ്പെട്ടിരിക്കുന്ന പ്രായപൂർത്തിയാകാത്തവരിലേക്കും, അവർക്ക് നൽകേണ്ട പരിചരണത്തിലേക്കും, ഇതുപോലുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. (മർക്കോസ് 9:37) എന്ന കർത്താവിന്റെ വാഗ്ദാനത്തിലേക്കും നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു.

### കുടിയിറക്കപ്പെട്ട പ്രായപൂർത്തിയാകാത്തവർ: ദുർബലതയുടെ സങ്കീർണ്ണമായ യാഥാർത്ഥ്യം

ആഗോള കുടിയേറ്റ പ്രസ്ഥാനങ്ങളിലെ ഏറ്റവും ദുർബലമായ വിഭാഗമാണ് പ്രായപൂർത്തിയാകാത്തവർ. അവർ യാഥാർത്ഥ്യത്തിന്റെ മുഖങ്ങളാണ്; ഓരോരുത്തർക്കും തനതായ കഥകളുണ്ട്, അവർ നമ്മുടെ മനസ്സാക്ഷിയെ വിളിച്ചുണർത്തുന്നു. ഓരോ വർഷവും ദശലക്ഷക്കണക്കിന് കുട്ടികളും കൗമാരക്കാരും യുദ്ധം, ദാരിദ്ര്യം, അക്രമം, പരിസ്ഥിതി ദുരന്തങ്ങൾ, മറ്റു ദുരന്തങ്ങൾ എന്നിവ കാരണം തങ്ങളുടെ ജന്മനാട് ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. ദുഃഖകരമെന്നു പറയട്ടെ,

അവരുടെ എണ്ണം നിരന്തരം വർധിച്ചുകൊണ്ടിരിക്കുന്നു. ഈ ദുരന്തങ്ങളുടെയെല്ലാം സാമ്പത്തിക, രാഷ്ട്രീയ, സൈനിക പ്രത്യാഘാതങ്ങൾ അതിവിപുലമാണ്. കുടിയേറ്റക്കാരായ കുട്ടികളുടെ ദുരിതം അവർ സ്ഥലം മാറ്റപ്പെടുന്നതോടെ അവസാനിക്കുന്നില്ല. മാതാപിതാക്കളെയും സഹോദരങ്ങളെയും സുഹൃത്തുക്കളെയും നഷ്ടപ്പെട്ട, വളരെ ചെറുപ്പമായ കുട്ടികളുണ്ട്; അവർ പറഞ്ഞറിയിക്കാനാകാത്ത അക്രമപ്രവൃത്തികൾക്ക് സാക്ഷികളുമായിരിക്കുന്നു. ദീർഘകാലത്തേക്ക് കുടുംബങ്ങളിൽ നിന്ന് വേർപെട്ട്, വേർപാടിന്റെ വേദന സഹിച്ചുകൊണ്ട് അവരുമായി വീണ്ടും ഒന്നിക്കാൻ ശ്രമിക്കുന്നവരുമുണ്ട്. മാതാപിതാക്കളോടൊപ്പം യാത്ര Commission for Migrants ചെയ്യുന്ന, എന്നിരുന്നാലും അത്യന്തം കഠിനവും ആഘാതകരവുമായ സാഹചര്യങ്ങൾക്ക് വിധേയരാകുന്ന പ്രായപൂർത്തിയാകാത്തവരുമുണ്ട്. ഒടുവിൽ, തിരിച്ചയക്കപ്പെടുന്നതിന്റെ ഫലമായി മാതാപിതാക്കളിൽ നിന്ന് വേർപെടുത്തപ്പെടുന്നവരുടെ ദാരുണമായ സാഹചര്യവും നമുക്ക് മറക്കാനാവില്ല. ഇതിനകം തന്നെ ഭയാനകമായ ഈ സാഹചര്യത്തോട് കൂടുതൽ ദുരന്തങ്ങൾ കൂടി ചേരുന്നു: കുടിയേറ്റപാതകളിലെ മരണങ്ങൾ, മനുഷ്യക്കടത്തും ചൂഷണവും, സായുധ സംഘർഷങ്ങളിൽ ഉപയോഗിക്കുന്നതിനായി പ്രായപൂർത്തിയാകാത്തവരെ റിക്രൂട്ട് ചെയ്യൽ, ലൈംഗിക അതിക്രമം, നിർബന്ധിത വിവാഹങ്ങൾ, കൂടാതെ യാത്രയ്ക്കിടെ അവർ അനുഭവിച്ചതോ കണ്ടതോ ആയ അതിക്രമങ്ങൾ. എണ്ണമറ്റ വിധങ്ങളിൽ അവരുടെ മാന്യതയെ നാം ചവിട്ടിമെതിക്കപ്പെടുന്നു.

കുടിയേറ്റക്കാരായ കുട്ടികൾ, ദുർബലരും ശബ്ദമില്ലാത്തവരും എന്ന വിഷയത്തിന് സമർപ്പിച്ച 2017-ലെ ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിന സന്ദേശത്തിൽ, ഫ്രാൻസിസ് പാപ്പാ കുടിയേറ്റക്കാരായ കുട്ടികൾ ഭയാനകമായ വിധത്തിൽ ദുർബലരും പ്രതിരോധമില്ലാത്തവരുമാണ് എന്ന് ഓർമ്മിപ്പിച്ചു; അവർ കുട്ടികളാണ്, അവർ വിദേശികളാണ്, സ്വയം സംരക്ഷിക്കാനുള്ള മാർഗങ്ങൾ അവർക്കില്ല. വിവിധ കാരണങ്ങളാൽ തങ്ങളുടെ ജന്മനാട്ടിൽ നിന്ന് അകലെ ജീവിക്കാനും കുടുംബങ്ങളിൽ നിന്ന് വേർപിരിയാനും നിർബന്ധിതരായവരെ സഹായിക്കാൻ എല്ലാവ

രോടും അദ്ദേഹം അഭ്യർത്ഥിച്ചു. എന്നിരുന്നാലും, ഇത്രയധികം അന്ധകാരത്തിനിടയിലും ഐക്യദാർഢ്യത്തിന്റെ പ്രകാശം ഇല്ലാതായിട്ടില്ല. വ്യക്തികളും കുടുംബങ്ങളും സാമൂഹിക സന്നദ്ധ സ്ഥാപനങ്ങളും സഭാസമൂഹങ്ങളും മറുവശത്തുകൂടി കടന്നുപോകാൻ തീരുമാനിക്കുന്നില്ല (വി. ലൂക്കാ 10:29-37). ഈ കുട്ടികൾക്ക് വീണ്ടും ഒരു കുടുംബഹൃദയത്തിന്റെ ഊഷ്മളത നല്കുന്നതിനായി വീടുകളുടെ വാതിലുകൾ തുറക്കുന്ന കുടുംബങ്ങളെ നാം ഓർക്കുന്നു; ഇവരെ സ്വീകരിക്കുന്ന ഇടങ്ങളിൽ സേവനം ചെയ്യുന്ന അധ്യാപകരെ; കുടിയേറ്റ പാതകളിലും നമ്മുടെ നഗരങ്ങളിലും ഈ കുഞ്ഞുങ്ങളുടെ അദൃശ്യമായ മുറിവുകൾ സുഖപ്പെടുത്തുന്നതിനായി ഓരോ ദിവസവും സ്വയം സമർപ്പിക്കുന്ന സന്നദ്ധപ്രവർത്തകരെയും സമർപ്പിതരായ സഹായിക ളേയും. സ്നേഹത്തിന് നിസ്സംഗതയെ മറി കടക്കാൻ കഴിയുമെന്ന് അവർ തങ്ങളുടെ പ്രതിബദ്ധതയിലൂടെ സാക്ഷ്യപ്പെടുത്തുന്നു. ഈ കുഞ്ഞു ങ്ങളിൽ ഒരുവൻ പോലും ഈ ദാരുണമായ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ, നമ്മുടെ മനസ്സാക്ഷിയെ ആഴത്തിൽ വെല്ലുവിളിക്കുന്ന യേശുവിന്റെ വാക്കുകളിലേക്കാണ് എന്റെ ചിന്തകൾ തിരിയുന്നത്: ഇങ്ങനെയുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ 52 എന്നെ സ്വീകരിക്കുന്നു (മത്തായി 18:5). ഇത് എണ്ണങ്ങളുടെയോ സ്ഥിതി വിവരക്കണക്കുകളുടെയോ വിഷയമല്ല. സുവിശേഷം കണക്കുകൂട്ടാൻ നമ്മെ ക്ഷണിക്കുന്നില്ല: ഒരുവനെങ്കിലും. ഓരോ കുട്ടിയും ഓരോ മനുഷ്യനും, അനന്തമായ മാന്യതയുണ്ട്. ഓരോരു ത്തരും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വരാണ് (ഉല്പത്തി 1:26); ഓരോരുത്തരും കർത്താവിന്റെ സാന്നിധ്യ മാണ്. ഓരോ കുടിയേറ്റക്കാരനായ കുട്ടിയുടെയും മുമ്പിൽ, മാനവികത യുടെയും വിശ്വാസത്തിന്റെയും ഒരു പ്രവൃത്തി ചെയ്യാൻ നാം വിളിക്ക പ്പെട്ടിരിക്കുന്നു; കാരണം നമുക്ക് കർത്താവിനെ സ്വീകരിക്കാനും അവിടുത്തെ കണ്ടുമുട്ടാനും കഴിയും. മത്തായിയുടെ സുവിശേഷ ത്തിലെ കർത്താവിന്റെ മറ്റൊരു വചനത്തിന്റെ വെളിച്ചത്തിൽ ഈ വിളി കൂടുതൽ അടിയന്തരമാകുന്നു: ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു (മത്താ 25:35).

ദുഃഖകരമെന്നു പറയട്ടെ, കുടിയേറ്റക്കാരായ കുട്ടികൾ കൂടുതൽ എളുപ്പത്തിൽ അവഗണിക്കപ്പെടുന്നു, കാരണം അവരെ സംരക്ഷിക്കാനും പിന്തുണയ്ക്കാനും കഴിയുന്ന മുതിർന്നവർ അവരുടെ കൂടെയില്ല. അതിനാൽ, അവർ ജനിച്ച രാജ്യങ്ങളിൽ ഇടപെടേണ്ടത് ആവശ്യമാണ്; അവർ പലായനം ചെയ്യാൻ നിർബന്ധിതരാകുന്ന കാരണങ്ങൾ നീക്കം ചെയ്യുന്നതിനായി. അതോടൊപ്പം, യാത്രാമധ്യേയുള്ള രാജ്യങ്ങളിലും ലക്ഷ്യസ്ഥാന രാജ്യങ്ങളിലും അവർക്ക് സംരക്ഷണവും സ്വീകരണവും നല്കുകയും വേണം. വിസ്താപിതരായ കുട്ടികളുടെ നിലവിളി ഇന്ന് ദൈവസന്നിധിയിലേക്ക് ഉയരുന്നു; പുറപ്പാടിന്റെ പുസ്തകത്തിൽ കേട്ട നിലവിളിപോലെ: ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ദുരവസ്ഥ ഞാൻ കണ്ടു; അവരുടെ പീഡകരുടെ മുമ്പിൽ നിന്നുള്ള നിലവിളി ഞാൻ കേട്ടു. അവരുടെ കഷ്ടത ഞാൻ അറിയുന്നു; അവരെ വിടുവിക്കാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്നു (പുറപ്പാട് 3,7-8). ദൈവം അവരുടെ നിലവിളി കേൾക്കുന്നു; വിമോചനം സാധ്യമാക്കുന്നതിനായി, മോശയോടു ചെയ്തതുപോലെ, നമ്മിൽ ഓരോരുത്തരുടെയും മനസ്സാക്ഷിയോടും പ്രവർത്തനത്തോടും ശക്തമായ ആഹ്വാനം നടത്തുന്നു. നമുക്ക് നിസ്സംഗരായി തുടരാനാവില്ല; അത്തരം ദുരിതങ്ങളോട് നാം പരിചിതരായിത്തീരാനും പാടില്ല.

## എല്ലാവരുടെയും ഉത്തരവാദിത്വത്തിലേക്കുള്ള ഒരു ആഹ്വാനം

ഈ കുട്ടികളിൽ ഒരുവനെങ്കിലും, നമ്മുടെ വ്യക്തിജീവിതത്തിൽ, നമ്മുടെ കണ്ണുകളും ഹൃദയവും തുറന്ന് അവന്റെ അല്ലെങ്കിൽ അവളുടെ ജീവിതകഥയും ഭയങ്ങളും സ്വപ്നങ്ങളും ആഴത്തിൽ കേൾക്കാൻ നമ്മിൽ ഓരോരുത്തരെയും വിളിക്കുന്നു; മനുഷ്യനെ നമ്മോട് നേരിട്ട് ബന്ധമില്ലാത്ത ഒരു സ്ഥിതിവിവരക്കണക്കായി ചുരുക്കുന്ന ആ അകല്ച്ചയെ മറികടക്കാനും നമ്മെ ക്ഷണിക്കുന്നു. ഓരോ കുട്ടിയുടെയും മാന്യത അംഗീകരിക്കാനുള്ള ക്ഷണമാണിത് അവൻ Commission for Migrants അല്ലെങ്കിൽ അവൾ ഒരു കുടിയേറ്റക്കാരൻ ആണെന്ന അവസ്ഥ പരിഗണിക്കുന്നതിന് മുമ്പുതന്നെ അവന്റെ അല്ലെങ്കിൽ അവളുടെ അടിസ്ഥാന അവകാശങ്ങൾ സംരക്ഷിക്കാനുള്ള ക്ഷണവും കൂടിയാണ്: ജീവിക്കാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള

അവകാശം, പൂർണ്ണമായ ശാരീരിക, മാനസിക, ആത്മീയ, ധാർമ്മിക, സാമൂഹിക വളർച്ച സാധ്യമാക്കുന്ന ജീവിതനിലവാരത്തിനുള്ള അവകാശം.

ഈ കുട്ടികളിൽ ഒരുവനെങ്കിലും, സഭയുടെ ജീവിതത്തിൽ, സ്വീകരണം എന്നതിനെ ഒരു അമൂർത്തമായ ആശയത്തിൽ നിന്ന് സ്ഥിരമായ ഒരു അജപാലന പ്രവർത്തനമായി മാറ്റാൻ നമ്മെ വിളിക്കുന്നു. പ്രത്യേകമായ കൃപ ലഭിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കോ സംഘടനകൾക്കോ മാത്രം ഈ ദൗത്യം ഏല്പ്പിച്ചുകൊണ്ട് നമുക്ക് ഒഴിഞ്ഞുമാറാനാവില്ല. ദൈനംദിന ജീവിതത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന ഈ യാഥാർത്ഥ്യമുഖങ്ങളുടെ മുമ്പിൽ, ഈ കുട്ടികളെ സ്വന്തം പുത്രന്മാരും പുത്രിമാരുമായി കാണാനും അവരിൽ ഓരോരുത്തരുടെയും യഥാർത്ഥ ജീവിതകഥയുമായി ബന്ധപ്പെടാനും മുഴുവൻ ക്രൈസ്തവ സമൂഹവും വിളിക്കപ്പെട്ടിരിക്കുന്നു. അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും സംയോജനത്തെ പ്രോത്സാഹിപ്പിക്കാനും അവരെ സഭാകുടുംബത്തിലെ പൂർണ്ണ അംഗങ്ങളായി വിലമതിക്കാനും ക്രൈസ്തവ സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കപ്പെടണം; വെറും സഹായം നല്കുന്ന മനോഭാവത്തെ മറികടക്കുന്ന, വ്യക്തിഗതമായവ ഉൾപ്പെടെയുള്ള പുതിയ വിദ്യാഭ്യാസപരവും ആത്മീയവുമായ വഴികൾ വളർത്തിയെടുക്കണം. പ്രത്യേകിച്ച്, കുടിയേറ്റക്കാരുടെ കുട്ടികളെയും പലപ്പോഴും ബാധിക്കുന്ന ഏകാന്തത, ഒറ്റപ്പെടൽ, നിരാകരണം എന്നിവ തടയേണ്ടത് അനിവാര്യമാണ്; കൂടാതെ, പ്രാദേശിക യുവജനങ്ങൾക്കും യുവ കുടിയേറ്റക്കാർക്കും പരസ്പര ബഹുമാനം, ഐക്യദാർഢ്യം, സൗഹൃദം എന്നിവയുടെ പാതയിൽ പരസ്പരം പിന്തുണയ്ക്കാൻ കഴിയുന്ന കൂടിക്കാഴ്ചയ്ക്കും സംയോജനത്തിനുമുള്ള അവസരങ്ങൾ പ്രോത്സാഹിപ്പിക്കണം. ഈ കുട്ടികളിൽ ഒരുവനെങ്കിലും, വിവിധ മതങ്ങളുടെ പരിധിയിൽ, യുവാക്കളുടെ ദുർബലതയ്ക്ക് മതപരമായ അതിരുകളിലെയും അത് നമ്മെ പങ്കിടുന്ന മാനവികവും ആത്മീയവുമായ ഉത്തരവാദിത്വത്തിൽ ഒന്നിപ്പിക്കുന്നുവെന്നും നമ്മെ ഓർമ്മിപ്പിക്കുന്നു. വിശ്വാസികൾ, തങ്ങളുടെ അതീന്ദ്രിയബോധത്താൽ പ്രചോദിതരായി, സംരക്ഷണത്തിന്റെ ശൃംഖലകൾ നെയ്യുന്നതിൽ സഹകരിക്കുന്ന ഒരു യഥാർത്ഥ മതാന്തര സംവാദത്തിന് ഇത്

ഫലഭൂയിഷ്ഠമായ മണ്ണായി മാറുന്നു. ഓരോ ആൺകുട്ടിയെയും ഓരോ പെൺകുട്ടിയെയും അവരുടെ സ്വന്തം സാംസ്കാരിക വ്യക്തിത്വത്തിൽ ബഹുമാനിക്കുകയും വിലമതിക്കുകയും ചെയ്യുന്ന ഇടങ്ങൾ സൃഷ്ടിക്കാൻ വിശ്വാസ സമൂഹങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്, അതുവഴി തീവ്രവാദ ഗ്രൂപ്പുകളുടെ തീവ്രവാദ 54 സാധ്യത തടയുന്നു. ആത്യന്തികമായി, ഒരു കുട്ടിയെ സംരക്ഷിക്കുക എന്നാൽ അവനിൽ അല്ലെങ്കിൽ അവളിൽ പതിഞ്ഞിരിക്കുന്ന ദൈവിക പ്രതിച്ഛായ സംരക്ഷിക്കുക എന്നതാണ്.

സിവിൽ സ്ഥാപനങ്ങളുടെ പശ്ചാത്തലത്തിൽ, ഈ കുട്ടികളിൽ ഒരാൾ പോലും, കുട്ടിയുടെ ഏറ്റവും നല്ല താല്പ്പര്യങ്ങൾ എന്ന തത്ത്വം വീണ്ടും സ്ഥിരീകരിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. ഓരോ കുട്ടിയുടെയും കൗമാരക്കാരുടെയും സംരക്ഷണത്തിനും അന്തസ്സിനും മുൻഗണന നല്കാൻ പൊതു, സ്വകാര്യ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്. ഇതിന് ഫലപ്രദമായ നിയമപരമായ സംരക്ഷണ ഉപാധികൾ സ്വീകരിക്കൽ, കുടുംബ പുനഃസമാഗമം പ്രോത്സാഹിപ്പിക്കൽ, വേർപിരിയൽ മൂലമുണ്ടാകുന്ന ആഘാതം തടയൽ എന്നിവ ആവശ്യമാണ്. കാഴ്ചപ്പാടിൽ അടിയന്തരമായ ഒരു മാറ്റം ആവശ്യമാണ്: ചർച്ചയുടെ ശ്രദ്ധ കേവലം കുടിയേറ്റത്തിന്റെ നടത്തിപ്പിൽ നിന്ന് മാറി മനുഷ്യാവകാശങ്ങളുടെ പൂർണ്ണവും അടിയന്തരവുമായ സംരക്ഷണത്തിലേക്ക് തിരിയണം; കുടിയേറുന്നവർക്ക് സംരക്ഷണം, സ്വീകരണം, യഥാർത്ഥമായ സംയോജനാവസരങ്ങൾ എന്നിവ ഉറപ്പാക്കാൻ കഴിവുള്ള ഏകോപിതവും പിന്തുണ നല്കുന്നതുമായ ഫലപ്രദമായ പ്രതികരണം സ്വീകരിക്കണം *(സ്പാനിഷ് പാർലമെന്റിനോടുള്ള അഭിസംബോധന, മാഡ്രിഡ്, 2026 ജൂൺ 8).*

അഭയാർത്ഥികളായും കുടിയേറ്റക്കാരായും ഉള്ള കുട്ടികളെ പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃസംരക്ഷണത്തിന് നമുക്ക് സമർപ്പിക്കാം. വിശുദ്ധ യൗസേപ്പിനോടും ശിശുവായ യേശുവിനോടും കൂടെ, ഹെറോദേസിന്റെ അക്രമത്തിന്റെ ക്രൂരതയും ഈജിപ്തിലെ പ്രവാസത്തിന്റെ ദുരന്തവും അവൾ അനുഭവിച്ചവളാണ് (വി. മത്തായി 2:13–15). അവൾ അവരുടെ ചുവടുകളെ അനുഗമിക്കുകയും നമ്മുടെ

സമൂഹങ്ങളെ സുവിശേഷത്തിന്റെ ജീവിക്കുന്നതും വിശ്വസനീയവുമായ അടയാളങ്ങളായി മാറാൻ സഹായിക്കുകയും ചെയ്യട്ടെ.

വത്തിക്കാനിൽ നിന്ന്, 2026 ആഗസ്റ്റ് 11,

അസീസിയിലെ വിശുദ്ധ ക്ലാരയുടെ അനുസ്മരണദിനം

**ലിയോ പാപ്പാ XIV**

---

N.B.: ഈ സർക്കുലർ 2026 സെപ്തംബർ 27-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.

# CASUS
## SEPTEMBER 2026

*Q: My elderly mother is thinking about making a big donation to the parish school, or maybe leaving it in her will. All of her children and some of her grandchildren studied in that school. Lately they've been complaining that the school is overcrowded, so she thought maybe she could give them the money to build an additional building. My mother said she'd like it to be named after our family.*

I ran into one of the accountants who helps the parish, and mentioned her idea to him, and he got really excited. He said that even if they don't build a new wing, they can use the money to pay off debts and/or other things. But that's not what my mother wants to give the money for! Is there a way to insist that her donation be used for this one purpose? Or is my mother being unreasonable? She doesn't want the money to be spent just for paying off the debts; she wants something permanent to remain at the school in memory of our family.
- Mary

*A: Mary's mother is certainly not being unreasonable. It is perfectly natural that when someone makes a large gift for a charitable purpose, he may specify the manner in which it is to be used. The Church's laws concerning bequests and other donations are fundamentally consistent with those found in civil law.*

Canon 1300 stipulates thus: the intentions of those who give goods to pious causes, once they are lawfully accepted, must be carefully observed. This holds true regardless of whether the donor gives the gift while still living or includes it in his will. The bishop is ultimately responsible for ensuring that such donations are used for the intended purposes (c. 1301, §1). Under some circumstances, if the gift or

bequest is made to a religious institute-a school owned and operated by the Franciscans, for example-this responsibility lies not with the diocesan bishop in whose territory the school is located, but with the superior of the religious institute.

So if Mary's mother wants to give her parish school the money to build a new wing, that money cannot be used for other purposes, like paying off the school debt. But what if the parish doesn't want or need a new wing on its school?

Note that canon 1300 states that a donation must be used for its stated purpose if it is lawfully accepted. In other words, the parish priest can, with gratitude and tact, inform the potential donor that it simply is not feasible to put an addition on the school building. Perhaps there simply is no room to do so on the existing property; perhaps the school's enrollment is high now but decreases can already be forecast for the future, so an additional wing would be a waste of money in the long term. Whatever the reason, if a gift cannot be used for the purposes envisioned by the donor, the gift must be refused. The donor cannot force unwilling church officials to take the money and use it as the donor wants!

A common enough scenario where a donation has to be refused with thanks involves the potential gift of real estate. If someone wishes to give the Church a building which is in dire need of major repairs, it may cost more to repair and maintain it than it is really worth. On the surface, it may seem offensive for a parish priest or bishop to refuse a gift, but at issue here is the genuine financial wellbeing of the parish, diocese, or other Catholic institution which will have to deal with the property. A potential donor may not initially realize that his "gift" will actually amount to a financial burden around the Church's neck.

These conditions are not unique to the Catholic Church. In general, if someone writes a will in which he leaves some money to a young relative to be used specifically for his education, that heir cannot take the money and spend it on a new car. The intentions of the donor must, as a rule, be respected.

In the absence of any explicit directives from donors, a Catholic institution (or indeed any charity) can use the money or goods as its administrators see fit. When the average Catholic tosses money into the regular Sunday collection, that sum goes toward the general expenses of the parish. The faithful are required to support the Church in response to appeals by church authorities, who in turn have the right to ask for this financial support (cc. 1260 and 1262).

What does all this mean for Mary's mother and her potential donation? The appropriate thing for her to do would be to approach the parish priest with her proposal, making it clear that she would like to give the money for the sole purpose of adding a new wing onto the school building. If the parish priest agrees to accept the money under these conditions, he will be bound to use it only for this purpose; otherwise he will have to gratefully decline the gift-or perhaps he might suggest a different way in which it could be used, if the donor wants to agree to this. In any case, the Church is always obliged to respect the particular wishes of the donor.

*Refer Can. 1300, Can. 1310, §1 & Can. 1284, §2, 3° and discuss.*

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21